KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No: 12404 13/01/2022

## സർക്കുലർ നമ്പർ 07/2022 (BD)

വിഷയം: ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും Group Personal Accident Insurance Policy നടപ്പിലാക്കിയത് സംബന്ധിച്ച്

സൂചന: 23/12/2021 തീയതിയിലെ 553 മത് ബോർഡ് യോഗത്തിലെ 9441 മത് നമ്പർ തീരുമാനം.

****

മേൽ സൂചന പ്രകാരം ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാർക്കും ഗോൾഡ് അപ്രൈസർമാർക്കും കഴിഞ്ഞ കാലങ്ങളിൽ ചില നിബന്ധനകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുള്ള ഇൻഷുറൻസ് പരിരക്ഷ ഈ സാമ്പത്തിക വർഷവും തുടരുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ New India Assurance Company Ltd മായി സഹകരിച്ച് Group Personal Accident Insurance നടപ്പാക്കിയിട്ടുള്ള വിവരം അറിയിക്കുന്നു. ഇതുപ്രകാരം 2020-21 സാമ്പത്തിക വർഷം ഒരു ശാഖയിൽ 75 ഉം അതിലധികവും ടിക്കറ്റ് ക്യാൻവാസ് ചെയ്ത 1098 ഏജന്റുമാരും 31/03/2021 ന് ഗോൾഡ് ലോൺ ബിസിനസ്സ് 2 കോടി രൂപയോ അതിലധികമോ ഉള്ള ശാഖകളിലെ നിലവിലുള്ള 349 അപ്രൈസർമാരും ഉൾപ്പെടെ മൊത്തം 1447 പേരാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഈ പോളിസിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

1. **Group Personal Accident Insurance Policy** - ചിട്ടി ക്യാൻവാസിംഗ് ഏജന്റ്
   ഇൻഷുറൻസ് പോളിസി കാലാവധി : 30/12/2021 to 29/12/2022
   ഇൻഷുറൻസ് ചെയ്ത ഏജന്റുമാരുടെ പേരു വിവരം Annexure I കാണുക
2. **Group Personal Accident Insurance Policy** - ഗോൾഡ് അപ്രൈസർ
   ഇൻഷുറൻസ് പോളിസി കാലാവധി : 30/12/2021 to 29/12/2022
   ഇൻഷുറൻസ് ചെയ്ത ഗോൾഡ് അപ്രൈസർമാരുടെ പേരു വിവരം Annexure II കാണുക

### പോളിസിയുടെ പ്രത്യേകതകൾ

1. അപകടമരണം സംഭവിച്ചാൽ പരമാവധി 3 ലക്ഷം രൂപ വരെ ലഭിക്കും
2. അംഗവൈകല്യം സംഭവിച്ചാൽ ഒറ്റത്തവണയായി പരമാവധി 30000/- രൂപ വരെ ചികിത്സാ സഹായമായി ലഭിക്കും

മേൽ പറഞ്ഞ പോളിസിയുടെ കാലാവധി 1 വർഷം ആണ്. ശാഖാ മാനേജർമാർ **Group Personal Accident Insurance Policy** യുടെ വിവരം അതാത് ചിട്ടി ക്യാൻവാസിംഗ് ഏജന്റുമാരേയും ഗോൾഡ് അപ്രൈസർമാരേയും അറിയിക്കേണ്ടതാണ്. ഈ ഇൻഷുറൻസ് പോളിസിയുടെ വ്യവസ്ഥകൾ അടങ്ങുന്ന പൂർണ്ണരൂപം 'Downloads' ൽ ലഭ്യമാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

ഉള്ളടക്കം :- Annexure I& II

To:- എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential